**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 924** **09-10-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹിക വനവല്‍ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവര്‍കോവില്‍ | | ശ്രീ. എ. കെ. ശശീന്ദ്രന്‍<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന് കീഴില്‍ നടപ്പിലാക്കുന്ന സാമൂഹിക വനവല്‍ക്കരണ പ്രവര്‍ത്തനങ്ങള്‍ കൂടുതല്‍ ജനകീയമാക്കുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ; | (എ) | സാമൂഹിക വനവത്കരണ പ്രവര്‍ത്തനങ്ങള്‍ കൂടുതല്‍ ജനകീയമാക്കുന്നതിന് വനേതര പ്രദേശത്ത് വൃക്ഷാവരണം വര്‍ദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യവനവല്‍ക്കരണ വിഭാഗം വിവിധ ഇനം തദ്ദേശ വൃക്ഷത്തൈകളും, ഫലവൃക്ഷത്തൈകളും, ഔഷധ സസ്യങ്ങളും ഉത്പാദിപ്പിക്കുകയും ആയത് ജൂണ്‍ 5 പരിസ്ഥിതി ദിനം മുതല്‍ ജൂലൈ 7 വനമഹോത്സവം വരെയുള്ള കാലയളവില്‍ സര്‍ക്കാര്‍ സ്ഥാപനങ്ങള്‍ക്കും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങള്‍ക്കും കഴിഞ്ഞ മൂന്നു വര്‍ഷങ്ങളായി വൃക്ഷത്തൈ നട്ടു പരിപാലിക്കുന്നു എന്ന് ഉറപ്പു വരുത്തി സര്‍ക്കാരിതര സംഘടനകള്‍ക്കും വച്ചു പിടിപ്പിച്ച് സംരക്ഷിക്കുന്നതിനായി സര്‍ക്കാര്‍ ഉത്തരവിന്റെ അടിസ്ഥാനത്തില്‍ സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ ഈ വിഭാഗവുമായി ബന്ധപ്പെട്ട് നഗരവനം, ഇന്‍സ്റ്റിറ്റ്യൂഷണല്‍ പ്ലാന്റിംഗ്, കണ്ടല്‍ സംരക്ഷണ പ്രവര്‍ത്തനങ്ങള്‍, കാവുകള്‍ക്കുള്ള ധനസഹായം, പരിഹാര വനവത്കരണം, വൃക്ഷം വളര്‍ത്തല്‍ പ്രോത്സാഹന ധനസഹായം, കടലാമ സംരക്ഷണം, വനമിത്ര അവാര്‍ഡ്, വിദ്യാര്‍ത്ഥികള്‍, പൊതുജനങ്ങള്‍, പത്ര പ്രവര്‍ത്തകര്‍ എന്നിവരില്‍ പരിസ്ഥിതി പ്രവര്‍ത്തനങ്ങളില്‍ അവബോധം സൃഷ്ടിക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പ് സംഘടിപ്പിക്കല്‍, വഴിയോരത്തണല്‍ പദ്ധതി, ജൈവ വൈവിധ്യ സര്‍വ്വെ തുടങ്ങിയ പ്രവര്‍ത്തനങ്ങള്‍ നടത്തി വരുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളില്‍ പുതിയ ഫോറസ്ട്രി ക്ലബ്ബുകള്‍ ആരംഭിക്കുന്നതിനും, നിലവിലുള്ളവ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. സര്‍ക്കാര്‍ പദ്ധതികള്‍ക്കും പൊതുജനങ്ങള്‍ക്കും വര്‍ഷം മുഴുവന്‍ വൃക്ഷത്തൈകളുടെ ലഭ്യത ഉറപ്പാക്കുവാനായി ജില്ലാ പെര്‍മനന്റ് നഴ്സറി സ്ഥാപിച്ചിട്ടുണ്ട്. ദേശീയ പാത ഉള്‍പ്പെടെയുള്ള വിവിധ റോഡുകളുടെ വികസന |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെയും മറ്റ് വികസന പ്രവർത്തനങ്ങളുടെയും ഭാഗമായി മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് പകരമായി പത്ത് മടങ്ങ് മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പരിഹാര വനവത്കരണ പ്രവർത്തനങ്ങൾ നേരിട്ടും, ഏജൻസികൾ മുഖേനയും നടത്തിവരുന്നുണ്ട്. കുട്ടികളെ വനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവാൻമാരാക്കുന്നതിനായി വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സ്കൂൾ-കോളേജ് കുട്ടികൾകായി മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനം നൽകിവരുന്നു.<br><br>സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കുള്ള പ്രകൃതി പഠന ക്യാമ്പുകൾ, സെമിനാറുകൾ, റാലികൾ, എക്സിബിഷനുകൾ എന്നിവയും സാമൂഹ്യവനവൽക്കരണ വിഭാഗം നടത്തി വരുന്നുണ്ട്. ഡിസ്ട്രിക്റ്റ് ഫോറസ്റ്റ് എക്സ്റ്റൻഷൻ & ഇൻഫർമേഷൻ സെന്റർ (DFEIC) മുഖേന വനം വകുപ്പിന്റെ സേവനങ്ങളും പ്രവർത്തനങ്ങളും പൊതുജനങ്ങളിലെത്തിക്കുന്നതിന് ഈ വിഭാഗം പ്രാമുഖ്യം നൽകിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ വിതരണം ചെയ്യുന്നതിന് ഫലവൃക്ഷത്തിന്റെയോ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന തരത്തിലുള്ള വൃക്ഷത്തിന്റെയോ തൈകൾ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സാമൂഹ്യ വനവത്കരണ വിഭാഗം വിവിധ ഇനം ഫലവൃക്ഷത്തൈകൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതുൾപ്പെടെയുള്ള ഫലവൃക്ഷത്തൈകൾ, ഔഷധ സസ്യങ്ങൾ മുതലായവ ഉത്പാദിപ്പിക്കുകയും ആയത് വിവിധ പദ്ധതികൾ പ്രകാരം നട്ടുപിടിപ്പിക്കുകയും നിലവിൽ വിതരണം ചെയ്യുകയും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ